# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4274 — 12/11/2019-ൽ മറുപടിക്ക്

## നെല്ലിക്കുഴി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ വാടക

| | ചോദ്യം<br>**ശ്രീ.ആന്റണി ജോൺ** | | മറുപടി<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴിയിൽ പുതുതായി ആരംഭിച്ച കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ വാടക പഞ്ചായത്താണ് നല്കിവരുന്നതെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മൂന്ന് വർഷത്തെ കരാറിൽ ആണ് പഞ്ചായത്ത് വാടകക്കെട്ടിടം ലഭ്യമാക്കിയിട്ടുള്ളതെന്നും 2019 നവംബർ മാസത്തോടെ പ്രസ്തുത കരാർ അവസാനിക്കുകയാണെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | പ്രസ്തുത സെക്ഷൻ ഓഫീസിന്റെ വാടകക്കരാർ കാലാവധി അവസാനിക്കുന്നത് ചൂണ്ടിക്കാട്ടി സെക്ഷൻ ഓഫീസിന്റെ വാടക കെ.എസ്.ഇ.ബി. വഹിക്കണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് നല്കിയ നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ; | (സി) യും (ഡി) യും | 24.02.2016 ലെ ഉത്തരവ് പ്രകാരം പുതിയതായി അനുവദിക്കുന്ന സെക്ഷനോഫീസുകളുടെ പ്രവർത്തനം കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭ്യമാകുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് ആരംഭിക്കുവാനാണ് ബോർഡ് അനുമതി നൽകിയിരുന്നത്. അതിൻ പ്രകാരം നെല്ലിക്കുഴിയിൽ അനുവദിച്ച പുതിയ ഓഫീസിനു വേണ്ടി ഒരു കെട്ടിടം കണ്ടെത്തി നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വാടക നൽകുന്നതിന് പഞ്ചായത്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് പ്രവർത്തനം വാടക കെട്ടിടത്തിൽ ആരംഭിച്ചിരുന്നു. എന്നാൽ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തനത് ഫണ്ട് |
| (ഡി) | പഞ്ചായത്തുമായുള്ള വാടകക്കരാർ അവസാനിക്കുന്ന സാഹചര്യത്തിൽ സെക്ഷൻ ഓഫീസിന്റെ വാടക കെ.എസ്.ഇ.ബി. വഹിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കേണ്ടി വരുന്നത് കൊണ്ട് 2019 ഡിസംബർ മാസം വാടക അടയ്ക്കുന്നതിനുള്ള ഉത്തരവാദിത്വം വൈദ്യുതി വകുപ്പ് ഏറ്റെടുക്കണമെന്ന് കാണിച്ച് പഞ്ചായത്ത് കത്ത് നൽകിയിരുന്നു. പ്രസ്തുത കാര്യം കെ.എസ്.ഇ.ബി.എൽ. പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ